(സി) എല്ലാ ജില്ലാ ആശുപത്രികളിലും മറ്റു ചില മേജർ ആശുപത്രികളിലും 'ഡെൻറൽ ക്ലിനിക്ക്'കളും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു ഡെൻറൽ കോളേജും ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്.

റൈസ്മില്ലുകൾ

* 559. [28] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963-64-ൽ ഡിസംബർ 15-ാം തീയതി വരെ റൈസ് മില്ലുകൾക്ക് എത്ര അപേക്ഷകൾ ഗവണ്മെൻറിനു ലഭിച്ചു :

(ബി) അതിൽ എത്ര അപേക്ഷകൾ അനുവദിച്ചു ;

(സി) എത്രയെണ്ണം നിരസിച്ചു ;

(ഡി) എത്ര എണ്ണത്തിൽ നടപടി നടന്നുകൊണ്ടിരിക്കുന്നു :

(ഈ) റൈസ്മില്ലുകൾ അനുവദിക്കുന്നതിൽ സ്വീകരിച്ചിട്ടുള്ള പൊതുനയം എന്താണ് ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) 385.

(ബി) 23.

(സി) 170.

(ഡി) 192.

(ഈ) ഒരു സ്ഥലത്തു വിളയുന്ന നെല്ലിൻറെ അടിസ്ഥാനത്തിലും എത്ര മില്ലുകൾ സ്ഥലത്തു പ്രവർത്തനം നടത്തുന്നുണ്ട് എന്നുള്ള കാര്യങ്ങളും പരിഗണിച്ചും ഒരു മില്ല് അവിടെ ആവശ്യമാണെന്നു കാണുന്നപക്ഷം 2 മൈൽ ചുറ്റളവിനുള്ളിൽ കൈകുത്തുകേന്ദ്രങ്ങൾ ഇല്ലാത്തപക്ഷം പുതിയ മില്ല് അനുവദിക്കുന്നതാണ്.

പെറ്റിനറി ഡിസ്പെൻസറികൾ

* 560. [29] ശ്രീ. എം. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും, കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്ത് എൻ. ഈ. എസ്. ബ്ലോക്ക് ഫണ്ടുകൊണ്ട് പണി പൂർത്തിയായിട്ടുള്ള വെറ്റിനറി ഡിസ്പെൻസറികൾ എത്ര ;

(ബി) അവയിൽ എത്രയെണ്ണം ഇപ്പോൾ അനിമൽ ഹസ്ബൻഡ്രി ഡിപ്പാർട്ടുമെൻറിനു വിട്ടുകൊടുത്തു ;

(സി) കടുത്തുരുത്തി എൻ. ഇ. എസ്. ബ്ലോക്കിൽപ്പെട്ട മേമ്മുറി വെറ്റിനറി ഡിസ്പെൻസറിയിൽ ഡാക്ടർ, ആവശ്യമായ മരുന്നു സപ്ലൈയും ഇല്ല, എന്ന വസ്തുത ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ടി ഡിസ്പെൻസറിയിൽ ഒരു ഡോക്ടറെ നിയമിക്കുന്നതിനും, അവിടെ ആവശ്യമുള്ള മരുന്നു സപ്ലൈ ചെയ്യുന്നതിനും സത്വരനടപടികൾ സ്വീകരിക്കുമോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) 125.

(ബി) 107.

LIBRARY ARCHIVES Kerala Legislative Assembly

(സി) മേമ്മുറി ഡിസ്പെൻസറിയിൽ ഡോക്ടറെ ഇതുവരെ നിയമിച്ചിട്ടില്ല. ടി ഡിസ്പെൻസറിയിൽ ആവശ്യമായ മരുന്നുകളും ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ഡി) ഇന്നത്തെ പരിതഃസ്ഥിതിയിൽ അവിടെ ഒരു ഡോക്ടറെ നിയമിക്കുന്നതിന് സാദ്ധ്യതയില്ല. മരുന്നു സപ്ലൈ ചെയ്യുന്നതിനു വേണ്ട നടപടികളും ഉടനെ എടുക്കുന്നതാണ്.

UNSTARRED QUESTIONS AND ANSWERS

ആയുർവേദ ഡിസ്പെൻസറികൾ

78. [1] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ആയുർവേദ ഡിസ്പെൻസറികൾ ഗവണ്മെൻറുവകയായിട്ടുണ്ട് ;

(ബി) അതിലെത്ര രോഗികളെ കിടത്തി ചികിത്സിക്കാൻ സൌകര്യമുണ്ട് ;

(സി) ഓരോന്നിലും എത്ര ബഡ്ഡുകൾ, എത്ര വൈദ്യന്മാർ, കഴിഞ്ഞ മൂന്നുവർഷങ്ങളിൽ ഓരോന്നിലും, ചികിത്സിക്കപ്പെട്ട ഇൻപേഷ്യൻസ്, ഔട്ട് പേഷ്യൻസ് എന്നിവരുടെ വിവരം അതിനു മരുന്നിനും ക്ഷണത്തിനും വേണ്ടി വരുന്ന ചിലവ് എന്നിവയടങ്ങിയ പട്ടിക മേശപ്പുറത്തു വയ്ക്കുമോ ;

(ഡി) ഒരു ഇൻപേഷ്യൻറിനു അനുവദിച്ചിട്ടുള്ള ദിവസച്ചെലവു എന്താണ് ;

(ഈ) 1964–65–ൽ എത്ര പുതിയ ഡിസ്പെൻസറികൾ തുടങ്ങാനുദ്ദേശിക്കുന്നുണ്ട് ?

ഉത്തരം

(എ) 204.

(ബി) ഡിസ്പെൻസറികളിൽ ബഡ്ഡുകളില്ലാത്തതിനാൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൌകര്യമില്ല.

(സി) ഡിസ്പെൻസറികളിൽ ബഡ്ഡുകളും ഇൻപേഷ്യൻസും ഇല്ല. അതുകൊണ്ട് ക്ഷണച്ചിലവ് ഡിസ്പെൻസറികളിൽ വരുന്നില്ല. ആയുർവേദ ആശുപത്രികളിൽ മാത്രമേ ഇൻപേഷ്യൻസിനെ ചികിത്സിക്കുന്നുള്ളൂ. ഇൻഡിജിനസ് മെഡിസിൻ വകുപ്പിന്റെ താഴെയുള്ള സ്ഥാപനങ്ങളിൽ മരുന്നിനും ക്ഷണത്തിനും ചിലവായ തുകയുടെയും ഔട്ട്പേഷ്യൻറിന്റെയും ഇൻപേഷ്യൻറിന്റെയും വിവരങ്ങളടങ്ങിയ ഒരു സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ട്.*

(ഡി) ആയുർവേദ ആശുപത്രികളിലെ ഇൻപേഷ്യൻറിനു ദിവസം പ്രതി മരുന്നിനു 5 നയാപൈസയും ക്ഷണത്തിനു 80 നയാപൈസയും ആണ് അനുവദിച്ചിട്ടുള്ളതു്.

(ഇ) 6 ഡിസ്പെൻസറികൾ.

---

* Appendix II

LIBRARY ARCHIVES Kerala Legislative Assembly